**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** — **29-08-2022 - ൽ മറുപടിയ്ക്ക്**

**പരിവർത്തിത ക്രൈസ്തവരുടെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ എല്ലാവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കും അപേക്ഷിക്കാൻ അർഹതയുണ്ടോ; അർഹതയില്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പരിവർത്തിത ക്രൈസ്തവർക്ക് മറ്റർഹ വിഭാഗമെന്ന നിലയിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഒരു സർക്കാർ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാകുന്നവർക്ക് സമാനമായ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | 2015-ലെ സംസ്ഥാന ബജറ്റിൽ ഇരുപത് ലക്ഷത്തോളം ജനസംഖ്യയുള്ള വിഭാഗമെന്ന് പറയുന്ന, സംസ്ഥാനത്തെ പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഒരു ശതമാനം സംവരണം അനുവദിക്കാത്തത് എന്തുകൊണ്ടാണ് ; | (ബി) | ജാതി തിരിച്ച് സർവ്വേ നടത്തി സംവരണം നടപ്പിലാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | എസ്സ്. ഇ.ബി.സി.സംവരണക്രമീകരണത്തിൽ 23-05-2014 ൽ മാറ്റം വരുത്തിയപ്പോൾ സംസ്ഥാന സർക്കാർ ജനസംഖ്യ കണക്കെടുപ്പോ, പ്രസ്തുത വിഷയത്തിൽ പഠന റിപ്പോർട്ടോ തയ്യാറാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (സി) | എസ്.ഇ.ബി.സി. സംവരണ ക്രമീകരണം നടപ്പിലാക്കിയത് വിവിധ വിഭാഗങ്ങൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ്. |
| (ഡി) | പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾ സംവരണം ഏത് വിഭാഗമായാണ് പങ്കിടുന്നത് ; സംവരണം പങ്കിടുന്ന പ്രസ്തുത വിഭാഗത്തിനും പരിവർത്തിത ക്രൈസ്തവർക്കും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സീറ്റുകൾ വീതമാണ് എം.ബി. ബി.എസ്., മെഡിക്കൽ പി.ജി. തുടങ്ങിയ കോഴ്സുകൾക്ക് ലഭിച്ചത് ;പരിവർത്തിത ക്രൈസ്തവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ SIUC വിഭാഗത്തിനൊപ്പമാണ് പരിവർത്തിത ക്രൈസ്തവർക്ക് സംവരണം അനുവദിച്ചിട്ടുള്ളത്. ഓരോ കോഴ്സുകൾക്കും സംവരണം അനുവദിക്കുന്നത് എൻട്രൻസ് കമ്മീഷണറേറ്റ്, LBS തുടങ്ങിയ സ്ഥാപനങ്ങളാണ്. സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് അപേക്ഷകരുടെ മാർക്കിന്റെയും സംവരണ റൊട്ടേഷന്റെയും അടിസ്ഥാനത്തിൽ എൻട്രൻസ് പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ പട്ടികയിൽ ഉള്ളവർക്കാണ് അഡ്മിഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ